## പതിനാലാം കേരളനിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 131 | 02.03.2020-ൽ മറുപടിയ്ക്ക് |
|---|---|

**പഞ്ചായത്ത് ഓഫീസുകൾ വഴി പരാതി സ്വീകരിക്കുന്ന നടപടി**

| | ചോദ്യം<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | വനിതാ പോലീസുദ്യോഗസ്ഥർ ആഴ്ചയിലൊരിക്കൽ പഞ്ചായത്ത് ഓഫീസ് സന്ദർശിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമം സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ പരാതി സ്വീകരിക്കുന്ന നടപടി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. വനിതാ പോലീസുദ്യോഗസ്ഥർ ആഴ്ചയിലൊരിക്കൽ പഞ്ചായത്ത് ഓഫീസ് സന്ദർശിച്ച് സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള അതിക്രമം സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ പരാതികൾ സ്വീകരിക്കുകയും, തീർപ്പാക്കാൻ കഴിയുന്ന പരാതികൾ അവിടെവെച്ച് തന്നെ തീർപ്പാക്കുകയും അല്ലാത്തവ പോലീസ് സ്റ്റേഷനിൽ നൽകുകയും, എസ്.എച്ച്.ഒ യുടെ സാന്നിധ്യത്തിൽ പരാതികൾ കേട്ട് തീർപ്പാക്കുകയും, നിയമനടപടികൾ സ്വീകരിക്കേണ്ടതാണെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത ഇടപെടൽ ഉണ്ടായിട്ടും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങൾ സംസ്ഥാനത്ത് ദിനംപ്രതി വർദ്ധിക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് പരിശോധിക്കുമോ; വിശദാംശം നൽകുമോ ? | (ബി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ നിയമ പരിരക്ഷയെക്കുറിച്ച് ജനങ്ങൾ കൂടുതൽ ബോധവാന്മാരാകുന്നതും, കൂടുതൽ ആളുകൾ പരാതി നൽകാൻ തയ്യാറായി വരുന്നതും ഇത്തരം കേസുകളുടെ നേരിയ വർദ്ധനവിന് കാരണമായിട്ടുണ്ട്. ദിനംപ്രതി വർദ്ധിക്കുന്നതായി വിലയിരുത്തിയിട്ടില്ല |

സെക്ഷൻ ഓഫീസർ